കരവാരം പഞ്ചായത്തിലെ ബാലവാടികൾ

346 [449] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ കരവാരം പഞ്ചായത്തിലെ മൊത്തം ബാലവാടികളെത്ര ; അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര ഫീഡിംഗ് സെൻററുകളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അവിടെ എത്ര ക്രെഷുകളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെ എത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ക്രെഷുകളോ ഫീഡിംഗ് സെൻററുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കരവാരം പഞ്ചായത്തിൽ അഞ്ച് ബാലവാടികൾ – മേവർക്കര ഇറവ്, തോട്ടയ്ക്കാട്, കരവാരം എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) മേൽ പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട അഞ്ച് ഫീഡിംഗ് സെൻററുകളും കരവാരം എന്ന പ്രദേശത്ത് ഒരു ഫീഡിംഗ് സെൻററും (മൊത്തം ആറ് എണ്ണം) പ്രവർത്തിക്കുന്നു.

(സി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രെഷുകളില്ല.

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

പുളിമാത്ത് പഞ്ചായത്തിലെ ബാലവാടികൾ

347 [450] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ എത്ര ബാലവാടികളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര ക്രെഷുകളുണ്ട് ; എവിടെയെല്ലാം ;

(സി) അവിടെ എത്ര ഫീഡിംഗ് സെൻററുകളുണ്ടെന്നും എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെ എത്ര വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ക്രെഷുകളോ ഫീഡിംഗ് സെൻററുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ പുതിയതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുളിമാത്ത് പഞ്ചായത്തിൽ മുന്ന് ബാലവാടികകം—ചെറുക്കാര, കൊടുവഴനൂർ, പുല്ലയിൽ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രഷുകളില്ല.

(സി) മേൽപ്പറഞ്ഞ ബാല്വാടികളുമായി ബന്ധപ്പെട്ട് മൂന്ന് ഫീഡിംഗ് സെൻററുകളും, മഞ്ഞപ്പാറ, പുളിമാത്ത്, പ്ലാവോട്, കൊടുവഴനൂർ എന്നീ പ്രദേശങ്ങളിലായി നാല് ഫീഡിംഗ് സെൻററുകളും (മൊത്തം 7 എണ്ണം) പ്രവർത്തിക്കുന്നു.

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യമുദിക്കുന്നില്ല.

പഴയ കുന്നിൻമേൽ പഞ്ചായത്തിലെ ബാലവാടികകം

348 [451] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ പഴയ കുന്നിൻമേൽ പഞ്ചായത്തിൽ എത്ര ബാലവാടികളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര ഫീഡിംഗ് സെൻററുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അവിടെ എത്ര ക്രഷുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെ എത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ഫീഡിംഗ് സെൻററുകളോ ക്രഷുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പഴയ കുന്നിൻമേൽ പഞ്ചായത്തിൽ അഞ്ച് ബാലവാടികകം—പഴയ കുന്നിൻമേൽ, അടയമൺ, തട്ടത്തുമല, തൊളിക്കുഴി എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) മേൽപ്പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട അഞ്ച് ഫീഡിംഗ് സെൻററുകൾ മാത്രം.

(സി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രഷുകളില്ല.

(ഡി) ഈ പഞ്ചായത്തിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

(ഇ) ഉദ്ദേശിക്കുന്നില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly